പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7434 — 14.07.2014 ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയിലെ തൊഴിലിന് സ്ഥിരവരുമാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നവരെ സ്ഥിരവരുമാനക്കാരനാക്കുന്നതിനും അവരുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; | (എ) കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എല്ലാം തന്നെ കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നവരെ സ്ഥിരവരുമാനക്കാരനാക്കുന്നതിനും അവരുടെ കുടുംബഭദ്രത ഉറപ്പു വരുത്തുന്നതിനും ലക്ഷ്യമിടുന്നവയാണ്. ശാസ്ത്രീയ കൃഷിമുറകൾ അവലംബിക്കുന്നതുവഴി ഉല്പാദനം വർദ്ധിപ്പിക്കുന്നതും തദ്വാര കൃഷിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതുമാണ് എല്ലാ പദ്ധതികളുടെയും ലക്ഷ്യം. |
| (ബി) കർഷകരുടെ ജീവിതനിലവാരം ഉയർത്തുന്ന തരത്തിലുള്ള എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ എന്നു വ്യക്തമാക്കുമോ? | (ബി) കർഷകരുടെ ജീവിതനിലവാരം ഉയരുന്നതിന് ആധുനിക കൃഷി രീതികൾ സ്വീകരിക്കേണ്ടതുണ്ട്. ഇതിന് സഹായകമായ ഹൈ-ടെക് പദ്ധതികൾ - പോളിഹൗസിലെ കൃഷി, കൃത്യതാ കൃഷി എന്നിവയ്ക്ക് കൃഷി വകുപ്പ് പ്രത്യേക ഹൈ-ടെക് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ വരുമാനത്തിൽ വൻ വർദ്ധനവ് നേടാൻ സഹായിക്കുന്ന പ്രോജക്ടുകൾക്കും നിബന്ധനകൾക്ക് വിധേയമായി സാമ്പത്തിക സഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ